

FRIDAY

13-05-2022

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/05/2022.

1. കേരള കാർഷിക സർവ്വകലാശാല പടന്നക്കാട് കാർഷിക കോളേജിൽ സ്റ്റുഡൻസ് യൂണിയന്റെ ആഭിമുഖ്യത്തിൽ മലബാർ മാംഗോഫെസ്റ്റ് "മധുരം 2022" ഇന്നും നാളെയും മറ്റന്നാളുമായി (മെയ് 13,14,15) ഒരുങ്ങുകയാണ്. വിവിധ ഇനം മാമ്പഴങ്ങൾക്ക് പുറമെ ചക്കയിനങ്ങൾ, മറ്റ് പഴവർഗ്ഗങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന കൃഷി രീതികൾ, ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ മുതലായവ ഉൾപ്പെട്ട കാർഷിക പ്രദർശനമാണ് മുഖ്യ ആകർഷണം. മാമ്പഴങ്ങളുടെയും വിവിധതരം നടീൽ വസ്തുക്കളുടെയും വിപണനവും ഇതോടനുബന്ധിച്ച് ഉ□ ായിരിക്കും. മാഗോ ഫെസ്റ്റിന്റെ ഉദ്ഘാടനം ഇന്ന് (13.05.22) രാവിലെ 10 മണിയ്ക്ക് പടന്നക്കാട് കാർഷിക കോളേജ് ഓഡിറ്റോയിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ കാഞ്ഞങ്ങാട് എം.എൽ.എ ഇ. ചന്ദ്രശേഖരൻ നിർവ്വഹിക്കുന്നതാണ്. യോഗത്തിൽ തൃക്കരിപ്പൂർ എം. എൽ. എ. എം. രാജഗോപാലൻ അദ്ധ്യക്ഷത വഹിക്കും. പാർലമെന്റംഗം രജ്മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിയായിരിക്കും. കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു മുഖ്യപ്രഭാഷണം നടത്തുന്നതാണ്.

2. സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്ത വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ഇളവിനായി അപേക്ഷിക്കാനുള്ള തീയതി ര□ ് വർഷത്തേക്ക് കൂടി നീട്ടി. ഇതുപ്രകാരം ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ഓഗസ്റ്റ് 31 വരെയുമുള്ള വായ്പകൾക്ക് കടാശ്വാസകമ്മീഷൻ പരിധിയിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണ്.

3. പാൽവില വർദ്ധിപ്പിക്കണമെന്നത് ഉൾപ്പെടെ ആവശ്യപ്പെട്ട് ക്ഷീരകർഷകരുടെ വിവിധ സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിൽ സംസ്ഥാനത്തെ മിൽമ ഫെഡറേഷന്റെയും മേഖല ക്ഷീരോത്പ്പാദക യൂണിയന്റെയും ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്തയോഗം ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ ചേർന്നു. കർഷകരുടെ ഉൽപ്പാദന ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ക്ഷീര വ്യവസായം വലിയ നഷ്ടത്തിലേക്ക് പോകാതിരിക്കുവാൻ അനുയോജ്യമായ പരാഹാരമാർഗ്ഗങ്ങൾ യോഗം

ചർച്ച ചെയ്തു. കർഷകരുടെ ഉൽപ്പാദനച്ചെലവിൽ ഏറ്റവും കൂടുതൽ വരുന്ന കാലിത്തീറ്റച്ചെലവ് കുറയ്ക്കുന്നതിന് പ്രഥമ പരിഗണന നൽകാൻ യോഗം തീരുമാനിച്ചു. മിൽമയുടെയും കേരളാ ഫീഡ്സിന്റെയും കാലിത്തീറ്റ വില വർദ്ധിപ്പിക്കാതെ കർഷകർക്ക് സഹായം കൊടുക്കണമെന്നും യോഗത്തിൽ തീരുമാനമായി.

4. സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വച്ച് **ഈ മാസം 17 വരെ** (മെയ് 17 വരെ) നടക്കുന്ന പ്രദർശന വിപണന മേളയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നു. താൽപര്യമുള്ളവർ മണ്ണ് സാമ്പിളുകൾ സ്റ്റാളിൽ എത്തിക്കണമെന്ന് മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പരിശോധനാഫലത്തോടൊപ്പം ഓരോ വിളകൾക്കും അനുയോജ്യമായ വളപ്രയോഗ ശുപാർശകൾ അടങ്ങിയ മണ്ണാരോഗ്യകാർഡ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0468-2323105** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡിന് അപേക്ഷ നൽകിയിട്ടുള്ളതിൽ പാൽക്കാർഡ് ലഭിക്കാത്ത അപേക്ഷകർക്ക് പാൽക്കാർഡ് വിതരണം നാളെ വരെ (മെയ് 13) ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണിവരെ നടത്തുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേ□ താണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉ□ ായിരിക്കുന്നതാണ്.

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും 45 ദിവസത്തിനുമേൽ പ്രായമുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000915, 9495000918 (തിരുവനന്തപുരം), 9495000923 (കൊട്ടിയം)** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തിസമയങ്ങളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "**വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും** " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി മെയ് 16 ന് തുടങ്ങുന്നു. രജിസ്റ്റർ ചെയ്യേ□ അവസാന തീയതി മെയ് 15 ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾ ആവശ്യപ്പെട്ടാൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **പശുവളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 17 ന് (17/05/22ന്) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0491– 2815454, 9188522713** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചു മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊ□ുവരേ□താണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

9. കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതി പ്രകാരം നടപ്പിലാക്കുന്ന **ആനന്ദഗ്രാമം പദ്ധതിയിലേയ്ക്ക്** മൃഗസംരക്ഷണ മേഖലയിൽ **പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ** എന്നിവ മുഖ്യതൊഴിലായോ, ഉപതൊഴിലായോ നടത്തുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഗ്രൂപ്പുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ **ഈ മാസം 25-ന് (മേയ് 25)** മുമ്പായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ സമർപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേ□താണ്. അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും **9447863474** എന്ന നമ്പരിൽ കാട്ടാക്കട സീനിയർ വെറ്ററിനറി സർജനുമായി ബന്ധപ്പെടുക.

10. ചെറ്റച്ചൽ ഫാമിൽ നിന്നും വനരാജ, ഗ്രാമപ്രിയ, ശ്രീനിധി എന്നീ കോഴിക്കുഞ്ഞുങ്ങൾ വിതരണത്തിന് തയ്യാറായിരിക്കുന്നു. പൂവനും പിടയും തരം തിരിക്കാത്ത കുഞ്ഞ് ഒന്നിന് 18 രൂപയാണ് വില. താത്പര്യമുള്ളവർ **9846443968, 8592085878, 9845491459, 9074617392** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് (18/05/22) രാവിലെ 10 മണി മുതൽ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469–2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേ□ താണ്.

## വിളപരിപാലന നിർദ്ദേശം

12. വിരിപ്പ് കൃഷി ഇറക്കുന്നതിന് മുൻപായി നെൽപാടങ്ങളിൽ ഡെയിഞ്ച വിതച്ച് കൊടുക്കാവുന്നതാണ്. പൊടിവിത നടത്തിയ നെൽപ്പാടങ്ങളിൽ ഒന്നാം ഗഡു രാസവളം ചേർക്കാം. ഉല്പാദനശേഷി കൂടിയ ഹ്രസ്വാകാലയിനങ്ങൾക്ക് ഏക്കറിന് 21 കിലോഗ്രാമും ഇടത്തരം മൂപ്പുള്ളവയ്ക്ക് 26 കിലോഗ്രാമും നാടൻ ഇനങ്ങൾക്ക് 12 കിലോഗ്രാമും വീതം യൂറിയ ആവശ്യമാണ്. മേൽവളം ചേർക്കുന്നതിനു മുൻപ് പാടത്തെ വെള്ളം വാർത്തു കളയണം. വിതയ്ക്കുന്നതിന് ര□ ാഴ്ച മുമ്പെങ്കിലും നിലം തയ്യാറാക്കിയിടുന്നതിന് ഫലപ്രദമായ കളനിയന്ത്രണത്തിന് അത്യാവശ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം